Representation from the Mulanthuruthi Rubber Planters' Association.

238. മിസ്റ്റർ കെ. പി. വള്ളോൻ:— ഫ്ലഫ്ലാ ചിങ്ങം ഠാംരാ- മുള്ള തുരുത്തി റബ്ബർ പ്ലാന്റേഴ്സ് അസോസിയേഷനിൽനിന്നും. ഗവർമ്മെണ്ടിലേക്കയിച്ചിട്ടുള്ള ഹർജ്ജിയുടെ ഒരു കോപ്പി അനുബന്ധമായി ചേർക്കുമോ ?

രാമവർമ്മതമ്പുരാൻ:— ഹർജ്ജിയുടെ ഒരുപകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix II.)*

മിസ്റ്റർ കെ. പി. വള്ളോൻ:—ഈ ഹർജ്ജിയിൽ പറയുന്ന സംഗതികൾ വല്ലതും നടപ്പിൽവരുത്തീട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—അതിനെപ്പറ്റി അന്വേഷണം നടത്തി, ആ ലോചനയിലിരിയ്ക്കുന്നുണ്ട്.

Veterinary Hospital, Nemmara.

239. Mr. K. G. Nayar:— Will the Government be pleased to state:—

(a) Whether any report has been submitted by the Veterinary Inspector-in-charge of the hospital now regarding the improvements to be effected immediately for the proper working of the hospital after he took charge some months back;

(b) whether the Range Officer's quarters at Nemmara are now occupied by the Forest Ranger;

(c) whether those quarters could not be placed at the disposal of the Veterinary Inspector for hospital work;

(d) what definite proposals are there now to meet the existing demands for better and more efficient veterinary aid?

Rama Varma Tampuran:—(a) Yes. He has suggested that an adjacent building and compound may be hired to provide additional accommodation for housing the sick animals and for holding the dispensary.

(b) There is no range office at present at Nemmara. The Forest office building at Nemmara now accommodates the Forester's and Tanadhar's offices.

(c) The matter is under correspondence with the Conservator of Forests.

(d) A house and compound are required to accommodate the hospital. Except for that, it has got all the other requisite facilities. The question of acquiring the adjacent building for the use of the hospital is under consideration.

Infection by Plague—Rat-falls.

240. Mr Popatlal Goverdhan Lalan:—Will the Government be pleased to state the door numbers of premises where the falls of rats infected with plague were first brought to their notice?

LIBRARY ARCHIVES Kerala Legislative Assembly

QUESTIONS AND ANSWERS
APPENDIX II.

മഹാരാജമാന്യരാജശ്രീ.

ബഹുമാനപ്പെട്ട കൊച്ചി ദിവാൻജി അവർകളുടെ സമക്ഷത്തുങ്കൽ കൊച്ചികണയന്നൂർ താലൂക്കിൽ മുളന്തുരുത്തി, കണയന്നൂർ, ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ മുതലായ മില്ലേജുകളിലെ നിവാസികളും റബ്ബർകൃഷിക്കാരുമായി താഴെ പേരെഴുതിച്ചേർപ്പിട്ടുള്ളവർ ബോധിപ്പിക്കുന്ന സങ്കടഹർജി.

ബഹുമാനപ്പെട്ട ബ്രിട്ടീഷ് ഗവൺമെണ്ടിൽനിന്നു നടപ്പാക്കിയിരിക്കുന്ന റബ്ബർ നിയന്ത്രണപദ്ധതിയോടു കൊച്ചി ഗവൺമെൻറും സഹകരിച്ചു അതിലേക്കു വേണ്ടതായ നിയമങ്ങൾ ഏർപ്പെടുത്തുവാൻ പോകുന്ന ഈ കാലഘട്ടത്തിൽ ഈ സംസ്ഥാനത്തെ പ്രജകളും റബ്ബർകൃഷിക്കാരുമായ ഞങ്ങളുടെ താഴെചേർക്കുന്ന സങ്കടങ്ങൾക്കു ഗവൺമെൻറിൽ നിന്നു തക്കതായ പരിഹാരം ഉണ്ടാക്കിത്തന്നു രക്ഷിപ്പാറാകണമെന്നു ഏറ്റവും താഴ്മയായും വിനയമായും അപേക്ഷിച്ചുകൊള്ളുന്നു.

൨. ഈ സംസ്ഥാനത്തു ആകെ ഏകദേശം ൨൫൦൦ ഏക്കർ സ്ഥലത്തു റബ്ബർകൃഷിയുള്ളതായി ഇക്കഴിഞ്ഞ നിയമസഭയുടെ ബഡ്ജറ്റു സമ്മേളനത്തിൽ ഗവൺമെൻറിൽനിന്നും ഉത്തരം പറഞ്ഞിട്ടുണ്ട്. ഇതു റിസർവ്വു വനങ്ങളിലുള്ള തോട്ടങ്ങളുടെ കണക്കുണ്ടെന്നും പ്രസ്താവിച്ചിരിക്കുന്നു. ഈ സംസ്ഥാനത്തുള്ള മിക്ക താലൂക്കുകളിലും കുടികളുടെ വകയായി ധാരാളം ഏക്കർ സ്ഥലത്തു റബ്ബർകൃഷിചെയ്തിട്ടുണ്ട്. ഈ താലൂക്കിൽതന്നെ ഇന്നു-ൽ അധികം കുടികളുടെ വകയായ തോട്ടങ്ങളുണ്ട്. മേൽപ്രസ്താവിച്ചിട്ടുള്ള സംഖ്യയിൽ ഇവയുടെ കണക്കു പെടുത്തിയിട്ടുമില്ലെന്നാണറിയുന്നതു. അതുകൊണ്ടു സംസ്ഥാനത്തെ പ്രജകൾ അവരവരുടെ കുടിയിരുപ്പുകളിലും റബ്ബർ കൃഷിചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം, മരങ്ങളുടെ എണ്ണം, ടാപ്പു ചെയ്യുന്ന റബ്ബർമരങ്ങളുടെ എണ്ണം, ആകെകിട്ടുന്ന റബ്ബറിന്റെ തൂക്കം, കയറ്റി അയയ്ക്കാവുന്ന റബ്ബറിന്റെ തൂക്കം മുതലായവ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു തിട്ടപ്പെടുത്തേണ്ടതും ഇതുമൂലം അടുത്ത ഫർസ്തി മുതൽ നിയന്ത്രണപദ്ധതിയുടെ അവധികഴിയുന്നതുവരെ സാധുക്കളായ ഞങ്ങൾക്കു കോട്ടാ കൂട്ടികിട്ടുന്നതിനു വളരെ സഹായമായിരിക്കുമാറും ആകുന്നു.

൩. നമ്മുടെ സംസ്ഥാനം കൂടി ഉൾപ്പെടുന്നതെക്കെ ഇന്ത്യക്കു അനുവദിച്ചിരിക്കുന്ന കോട്ടാ വളരെ കുറഞ്ഞുപോയെന്നും കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണത, ടാപ്പുചെയ്യുന്ന മരങ്ങളുടെ സംഖ്യ, കയറ്റുമതിചെയ്തിട്ടുള്ള റബ്ബറിന്റെ തൂക്കം മുതലായവ ആലോചിച്ചാൽ ഇപ്പോഴത്തേതിൽ കൂടുതൽ കോട്ടാ ഇന്ത്യക്കു കിട്ടേണ്ടതായിരുന്നെന്നും ബോസിക്കു കോട്ടാ ഇപ്രകാരം കുറഞ്ഞുപോയതിൽ ഞങ്ങൾക്കു വലിയ നഷ്ടവും സങ്കടവും ഉണ്ടെന്നും മറ്റും തിരുവിതാംകൂറിലെ റബ്ബർകൃഷിക്കാരെല്ലാം ചേർന്നു നടത്തിയ പ്രക്ഷോഭണത്തിന്റെ ഫലമായി ആ ഗവൺമെൻറ ഇക്കാര്യത്തിൽ പലതും ഉത്സാഹപൂർവ്വം ചെയ്യുവരുന്നുണ്ടു. അതുപോലെ നമ്മുടെ സംസ്ഥാനത്തേക്കു കിട്ടുന്ന കോട്ടായുടെ സംഖ്യയും ന്യായവും അവകാശവുമുള്ളതായ തുകയിൽനിന്നു കുറഞ്ഞുപോകാതിരിപ്പാൻ ഗവൺമെൻറിൽ നിന്നും ഈ സംഗതിയിൽ പ്രവേശിച്ചു വേണ്ടതായ നടപടികളും നടത്തേണ്ടതാണെന്നു ഞങ്ങൾ അപേക്ഷിക്കുന്നു. ഒരു ഏക്കർ സ്ഥലത്തുനിന്നു ഒരു കൊല്ലത്തിൽ കൃഷിയുടെ പുരോഗമനമനുസരിച്ചു ൧൦൦൦, ൯൫൦, ൯൦൦, ൮൫൦ വരത്തിൽ ക്രമത്തിൽ റബ്ബർ ലഭിക്കുന്നതാണ്. ഈ കണക്കനുസരിച്ചു ഓരോ തോട്ടക്കാർക്കും ഓരോ കൊല്ലത്തിലും കോട്ടാ ലഭിക്കേണ്ടതാകുന്നു.

൪. നിയന്ത്രണപദ്ധതി നടപ്പിലാക്കുമെന്നുള്ള അറിവു ലഭിച്ചു ഉടനെ സീലോൺ ഗവൺമെൻറ് ഈ സ്കീം പ്രായോഗികമായിതീരുന്നതിനു ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

സംമുമ്പു അവിടെ റബ്ബർകൃഷിചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും കയറ്റിഅയച്ചിട്ടുള്ള റബ്ബറിന്റെ തൂക്കവും തിട്ടപ്പെടുത്താനായി ഒരു തെളിവുശേഖരണോദ്യോഗസ്ഥനെ നിയമിച്ചു. ഇങ്ങിനെ ഗവമ്മെൻറു മുഖാന്തിരം ശരിയായസ്ഥിതിവിവരണക്കണക്കുകൾമുൻകൂട്ടിശേഖരിക്കുകയും വിവരം ഇൻറർനാഷണൽ റബ്ബർകമ്മിറ്റിയെ അറിയിക്കയും ചെയ്തതിന്നുശേഷമാണ അവിടെ കോട്ടാ നിശ്ചയിക്കപ്പെട്ടതു. എന്നാൽ നമ്മുടെ സംസ്ഥാനംകൂടി ഉൾപ്പെടുന്ന തെക്കെ ഇന്ത്യാക്കുള്ള കോട്ടാ ആദ്യമേ നിശ്ചയിച്ച ശേഷമാണ് ഇന്ത്യൻ റബ്ബർ ലൈസൻസിംഗ കമ്മിറ്റി കണക്കുകൾ തെയാറാക്കാൻ ശ്രമിച്ചിട്ടുള്ളതു. ഈ ഏകകാരണത്താൽ നമ്മുടെ സംസ്ഥാനത്തേക്കു ന്യായമായി കിട്ടുമായിരുന്ന കോട്ടായുടെ അസ്തിവാരം പോലും തകർന്നുപോയിരിക്കുന്നു. ഇതുമൂലം ഞങ്ങൾക്കുണ്ടായിരിക്കുന്ന സങ്കടത്തിന്നു ഗവമ്മെണ്ടിൽനിന്നു പരിഹാരം ഉണ്ടാക്കി തരണമെന്നു അപേക്ഷിക്കുന്നു.

8. ഫൻസ്റ്റ് ജൂൺ ഫാറത്തിന്നുശേഷം റബ്ബർ നിയന്ത്രണപദ്ധതിയനുസരിച്ചു ഇൻഡ്യയിൽനിന്നു ചെല്ലുന്ന റബ്ബറിനു ഫാറത്തലിനു 2½ സെൻറു വീതം സിലോണിൽ നികുതി (duty) ചുമത്തുന്നതിനിടയുള്ളതായി കാണുന്നു. ഈ പദ്ധതി നടപ്പിൽ വരുന്നതിന്നു മുമ്പിൽ അവിടെനിന്നു കയറുമതി ചെയ്യുന്ന എല്ലാ റബ്ബറിന്നും ഒരു കയറുമതിചുങ്കം ഏർപ്പെടുത്തിയിരുന്നു. എന്നാൽ വില്പനക്കായൊ വീണ്ടും കയറുമതിചെയ്യുന്നതിലേക്കായൊ സിലോണിലേക്കയക്കുന്ന റബ്ബറിനു ഒരു നികുതി സൌജന്യം അനുവദിക്കുകയും ഇതുതെക്കെ ഇൻഡ്യയിൽനിന്നു ചെല്ലുന്ന റബ്ബറിനും കൂടി ക്കൊടുക്കുവാൻ പ്രയോജനപ്പെടുകയും ചെയ്തിരുന്നു. സിലോണിലെ റബ്ബർനിയന്ത്രണനിയമമനുസരിച്ചു അവിടെനിന്നു കയറ്റി അയക്കുന്ന റബ്ബറിനെല്ലാം കയറുമതിചുങ്കം ചുമത്തുന്നതാണ്. ഇതുമൂലം മേലാൽ ഇൻഡ്യായിൽ നിന്നും വില്പനക്കായി സിലോണിലേക്കു അയക്കുന്ന റബ്ബറിനു മൂന്നു ഇനം ചുങ്കം തീർക്കേണ്ടതായിട്ടാണിരിക്കുന്നതു്. അവ

ക. റബ്ബർനിയന്ത്രണനികുതി ഫാറത്തലിനു്	2½ സെൻറു്
ഖ. സിലോണിലെ റബ്ബർനിയന്ത്രണപദ്ധതിയെ സഹായിക്കുവാനുള്ള നികുതി ഫാറത്തലിനു്	ഫുൾ സെൻറു്
ഗ. സിലോണിലെ പരീക്ഷണശാലയുടെ നടത്തിപ്പുചിലവിലേക്കുള്ള നികുതി ഫാറത്തലിനു്	½ സെൻറു്
ആകെ ഫാറത്തൽ റബ്ബറിനു മൂന്നു ഇനങ്ങളിലായി നികുതി	ഫുൾ സെൻറു്

അഥവാ ഫുകഗണ.

നമ്മുടെ സംസ്ഥാനംകൂടി ഉൾപ്പെടുന്ന തെക്കെ ഇൻഡ്യായിലെ റബ്ബർകൃഷിക്കാരായ സകലർക്കും ഈവക നികുതികളെല്ലാം വളരെ ഭാരിച്ചതാണ്. റബ്ബർനിയന്ത്രണപദ്ധതിയുടെ നടത്തിപ്പിനു ക്രമത്തെ ഇനത്തിൽപെട്ട നികുതി ആവശ്യമായതും ബാക്കിയുള്ളവ രണ്ടും സിലോൺകാർക്കു മാത്രം അനുകൂലമായിട്ടുള്ളവയും ആണ്. സിലോണിലെ വകക്കു തെക്കെഇൻഡ്യാക്കാർ അധികമാനം നികുതി കൊടുക്കണമെന്നുള്ളതു വളരെ സങ്കടവും കഷ്ടവുമായിട്ടുള്ളതാണ്.

കൊച്ചി സംസ്ഥാനം കൂടി ഉൾപ്പെടുന്ന തെക്കെ ഇൻഡ്യായിൽ നിന്നു നിയന്ത്രണപദ്ധതിയനുസരിച്ചു ഉല്പാദനസ്റ്റാറ്റിസ്റ്റിക്കുകളുസഹിതം സിലോണി

LIBRARY ARCHIVES Kerala Legislative Assembly

ലേക്ക കയറി അയക്കുന്ന റബ്ബർ അവിടെ കൃഷിചെയ്യുന്നവർക്കുന്ന റബ്ബറിനെ മാത്രം ബാധിക്കുന്ന അവിടത്തെ നിയന്ത്രണനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ തെക്കെ ഇൻഡ്യയിൽനിന്ന ചെല്ലുന്ന റബ്ബറിന്ന കയറ്റുമതിച്ചുങ്കമൊ മറ്റു ഏതെങ്കിലും ചുങ്കമൊ ചുമത്താൻ പാടില്ലാത്തതാകുന്നു. ഇക്കാര്യത്തിൽ വേണ്ടതായ സങ്കടപരിഹാരം ഉണ്ടാക്കുവാൻ ഇൻഡ്യാഗവൺമെണ്ടു സിലോൺ ഗവൺമെണ്ടിനെ നിബ്ബന്ധിപ്പാനായി നമ്മുടെ ഗവൺമെണ്ടു ഉടനടി ഇക്കാര്യത്തിൽ പ്രയോശിച്ചു് ഈവക സംഗതികൾ ഇൻഡ്യാഗവൺമെണ്ടിനെ ഉൽബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ആയതു ഈ സംസ്ഥാനത്തെ റബ്ബർകൃഷിക്കാരായ പ്രകൃതിക്ക കീരാതത്ത സങ്കടത്തിന്നും ഭീമമായ നഷ്ടത്തിന്നും കാരണമായിത്തീരുന്നതും ആകുന്നു.

൬. കൊച്ചി സംസ്ഥാനത്തുള്ള എല്ലാ റബ്ബർതോട്ടം ഉടമസ്ഥന്മാരുംകൂടി ഏകോപിച്ചു ഒരു സംഘടനയുണ്ടാക്കുന്നതായാൽ മേൽ പ്രസ്താവിച്ചിരിക്കുന്ന വിധത്തിലുള്ള കഴപ്പുങ്ങൾ നേരിടാതെ മുൻകൂട്ടി പ്രതിവിധികൾ കണ്ടുപിടിപ്പാൻ സാധിക്കുന്നതാകുന്നു. അതു നിമിത്തം നമ്മുടെ സംസ്ഥാനം കൂടി ഉൾപ്പെട്ടുന്ന തെക്കെ ഇൻഡ്യയിൽ നിന്ന ചെല്ലുന്ന റബ്ബറിന്ന വിലോണിൽ നേരിടുന്ന എല്ലാത്തരം അസമത്വങ്ങൾക്കും പരിഹാരം ഉണ്ടാകുന്നതും ഉണ്ടാക്കാവുന്നതും ആകുന്നു. മലയാ, ജാവാ, സിലോൺ മുതലായ രാജ്യങ്ങളിൽ അതാതു ഗവൺമെണ്ടുകൾ തന്നെ ദ്രവ്യശേഖരം ചെയ്തു ഇപ്രകാരമുള്ള റബ്ബർ കൺകസംഘത്തെ എല്പിക്കുകയും അതിനാൽ റബ്ബർ കായ്ക്കും ഇടപെട്ട സംഗതികളെല്ലാം വളരെ ഭംഗിയായി നടക്കയും ചെയ്യുവരുന്നുണ്ടു. അതിനാൽ നമ്മുടെ ഗവൺമെണ്ടും സംസ്ഥാനത്തെ റബ്ബർകൃഷിക്കാരും തമ്മിൽ സഹകാര്യപ്രവർത്തിക്കുന്ന പക്ഷം മേൽപ്രകാരം ദ്രവ്യശേഖരം ചെയ്തു ഒരു റബ്ബർ കൺകസംഘം സ്ഥാപിപ്പാൻ പ്രയാസം ഇല്ലാത്തതാകുന്നു. ഈ രാജ്യക്കാരായ റബ്ബർകൃഷിക്കാരുടെ നിസ്സഹതാത്തേയും ദയനീയ സ്ഥിതിയേയും പരിഗണിച്ചു ഇപ്രകാരമുള്ള ഒരു സംഘം സ്ഥാപിപ്പാൻ ഗവൺമെണ്ടു ഒരുമ്പെടേണ്ടതാണെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

൭. നമ്മുടെ സംസ്ഥാനം കൂടി ഉൾപ്പെട്ടതായ തെക്കെ ഇൻഡ്യായിൽ നിന്ന സിലോണിൽ ചെല്ലുന്ന റബ്ബറിന്ന അവിടെ നികുതി ചുമത്തുന്നതിൽ നിന്ന രക്ഷപെടാൻ ഒരുമല്ല മാർഗ്ഗം ഉണ്ടു. അതു നമ്മുടെ കൊച്ചിയിൽ ഒരു റബ്ബർ വില്പന കേന്ദ്രം സ്ഥാപിക്കുകയാകുന്നു. ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിന്നു മുമ്പു കൊച്ചിയിൽ ഒരു തേയിലമാർക്കറ്റു സ്ഥാപിക്കുന്നതിനെപ്പറ്റി പ്രബലമായ ശ്രുതിയും അതേപ്പറ്റി ആലോചനകളും ഉണ്ടായിരുന്നുവെങ്കിലും പിന്നീടു അതേപ്പറ്റി യാതൊരു കേൾവിയും ഇല്ലാതെയാണിരിക്കുന്നതു. എന്നാൽ റബ്ബറിനെ സംബന്ധിച്ചേടുത്തോളം ഈ ഘട്ടത്തിൽ ഒരു റബ്ബർവില്പന കേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കുന്നതായാൽ അതു റബ്ബർ കൃഷിക്കാരായവർക്കെല്ലാം അത്യന്തോപയോഗപ്രദമായി തീരുന്നതാകുന്നു. സിലോൺകാരുടെ നിയമങ്ങൾക്ക കൊച്ചിസംസ്ഥാനത്തുകാരായ തെക്കെ ഇൻഡ്യാക്കാരെ കീഴ്പ്പെടുത്തുന്നതായും വരുന്നതല്ല. കൊച്ചിയിലേയും ആലപ്പുഴയിലേയും ചേംബർ ഓഫ് കോമേഴ്സുകാർക്കു ഇക്കാര്യം യാതൊരു വിഷമവും കൂടാതെ നടപ്പിൽ വരുത്താവുന്നതും ആയതിലേക്ക അവരെ നമ്മുടെ ഗവൺമെണ്ടിൽ നിന്ന ഉൽബോധിപ്പിക്ക മാത്രം ചെയ്യേണ്ടതും ആകുന്നു. തിരുവിതാംകൂർ ഗവൺമെണ്ടിനേയും ഇക്കാര്യത്തിൽ നമ്മുടെ ഗവൺമെണ്ടിൽ നിന്ന പ്രേരിപ്പിക്കാവുന്നതുമാകുന്നു. നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവരുന്ന കൊച്ചി തുറമുഖത്തിന്നും ഈ എടുപ്പാടു മൂലം പലതരത്തിലുള്ള ശ്രേയസ്സിന്നും വിജയത്തിന്നും കാരണമാകുന്നതു കൂടാതെ ഇതുമൂലം ഗവൺമെണ്ടിലേക്കു പ്രതിവർഷം ഒരു നല്ല സംഖ്യ ആദായം ലഭിക്കുന്നതും ആകുന്നു.

V—(2)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യ. റബ്ബർ നിയന്ത്രണസംബന്ധമായി ഇൻഡ്യൻ റബ്ബർ ലൈസൻസിംഗ് കമ്മിറ്റിക്കാർ ചെയ്യുന്ന ഏതുതീർപ്പുയിന്മേലും ഈ സംസ്ഥാനത്തെ റബ്ബർകൃഷിക്കാരായ പ്രജകൾക്കു നമ്മുടെ ഗവൺമെണ്ടിൽ അപ്പീൽ ബോധിപ്പിപ്പാനുള്ള അവകാശവും സ്വാതന്ത്ര്യവും ഇരിക്കത്തക്ക വിധത്തിൽ നിയമത്തിൽ വ്യവസ്ഥ ചെയ്യേണ്ടതാകുന്നു. കമ്മിറ്റിക്കാരുടെ തീരുമാനത്തിന്മേൽ അങ്ങനെ അപ്പീൽ പാടില്ലെന്നുള്ളതു അത്യന്തം സങ്കടകരമായിരിക്കുന്നതാകുന്നു. കമ്മിറ്റി അംഗങ്ങൾ അതിലെ പ്രബലന്മാരായ തോട്ടക്കാർ കൂടി ആയ കൊണ്ടു സാധുക്കളായ തോട്ടക്കാരുടെ സംഗതിയിൽ കൂടുതൽ അനുകൂല്യങ്ങൾ ചെയ്തുകൊടുപ്പാൻ ഗവൺമെണ്ടു ആജ്ഞാപിക്കേണ്ടതാകുന്നു.

൯. റബ്ബർ നിയന്ത്രണപദ്ധതിയെ പറ്റി പര്യാലോചിച്ച സമതിയിൽ ഇൻഡ്യയുടെ പ്രതിനിധിയും ഇൻറർ നാഷനൽ റബ്ബർ കമ്മിറ്റിയിലെ ഒരു അംഗവും കൂടി ആയ ഹൈകമ്മീഷണർ സർ. ബി. എൻ. മിത്രാ ഈ പദ്ധതിക്കു ഒപ്പു വെച്ചതു താഴെ ചേർക്കുന്ന ഒരു പ്രത്യേക വ്യവസ്ഥയോടു കൂടിയാണെന്നറിയുന്നു —

"റബ്ബർകൃഷി ചെയ്യപ്പെടുന്നതായ ഇൻഡ്യയിലുള്ള നാട്ടരാജ്യങ്ങളുടെ സമ്മതത്തേയും സ്വീകരണത്തേയും വാങ്ങാതെയാണു ഇൻഡ്യാഗവൺമെൻറ ഈ പദ്ധതിയിൽ ചേരുന്നതു. ഈ നാട്ടരാജ്യങ്ങളിൽ നിയന്ത്രണപദ്ധതി നടപ്പാക്കുന്നതിനോ സ്വീകരിക്കുന്നതിനോ ഉള്ള ശക്തി ഇൻഡ്യാഗവൺമെൻറിനില്ല. നിയന്ത്രണപദ്ധതിയുടെ വ്യവസ്ഥകൾ ഏതൽരാജ്യങ്ങളുടെ ശ്രദ്ധക്കു വിഷയീഭവിപ്പിച്ചിട്ടുള്ളതും അതിനെ ആ രാജ്യങ്ങൾ സ്വീകരിക്കുമെന്നു വിശ്വസിക്കുന്നതും ആകുന്നു."

ഇതിൽനിന്നു കരുതേണ്ടതു അധീശഗവൺമെൻറു കൊച്ചിഗവൺമെൻറിനു ഈ വിഷയത്തിലുള്ള സകലവിധസ്വാതന്ത്ര്യത്തേയും വകവെച്ചുകൊടുപ്പാൻ സദാ തയാറാണെന്നാണ്. അതുകൊണ്ടു ഹൈകമ്മീഷണർ അവർകൾ രേഖപ്പെടുത്തുകയും ഇൻഡ്യാഗവൺമെൻറു സമ്മതിക്കുകയും ചെയ്യുന്നതും റബ്ബർനിയന്ത്രണപദ്ധതിയനുസരിച്ചു കൊച്ചിഗവൺമെൻറിനുള്ള സ്വാതന്ത്ര്യത്തിന്നും ഈ സംസ്ഥാനത്തെ പ്രജകളും റബ്ബർകൃഷിക്കാരുമായ സകലരുടേയും രക്ഷക്കു വേണ്ടി ഗവൺമെൻറിൽനിന്നു ചെയ്യാവുന്നതായ എല്ലാ സംഗതികളും ഈ അവസരത്തിൽ പ്രവൃത്തിച്ചു പ്രജകളുടെ ക്ഷേമത്തിന്നും ഐശ്വര്യത്തിന്നും അഭിവൃദ്ധികരമായവിധത്തിൽ റബ്ബർവ്യവസായത്തേയും കൃഷിയേയും സഹായിക്കുകയും ചെയ്യണമെന്നപേക്ഷിക്കുകയും ചെയ്തുകൊള്ളുന്നു.

൧൦. ഇതിടെ കോട്ടയത്തു കൂടിയ കേരളത്തിലെ റബ്ബർകൃഷിക്കാരുടെ മഹായോഗത്തിൽ പാസ്സാക്കി ബഹുമാനപ്പെട്ട ഹൈകമ്മീഷണർ അവർകൾക്കയച്ചുകൊടുത്ത നിശ്ചയങ്ങൾക്കു അദ്ദേഹത്തിൻറെ സെക്രട്ടറി ജൂലായി ൧൨-൦൦-ൽ ലണ്ടനിൽനിന്നയച്ച മറുപടിയിൽ താഴെവരുന്നപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"The question raised in these Resolutions are for the Government of India to decide; and Sir Bhupendra Nath Mithra understands that they are already engaging the attention of that Government".

ആയതുകൊണ്ടു ഈ വക്കത്തിൽ കൊച്ചിഗവൺമെൻറിൽനിന്നും റബ്ബർനിയന്ത്രണപദ്ധതി ഈ സംസ്ഥാനത്തെ പ്രജകൾക്കു ദോഷകരമായി തീരാതിരിപ്പാൻ വേണ്ടി വേണ്ടതു ഉടനെ പ്രവൃത്തിക്കണമെന്നു ഏറ്റവും ഭയഭക്തിബഹുമാനപുരസ്സരം ഗവൺമെൻറിനോടപേക്ഷിച്ചുകൊള്ളുന്നു.

൧൧ [illegible] ചിങ്ങമാസം ൫-൦നു

നമ്പർ	തോട്ടങ്ങളുടെ പേർ	ഉടമസ്ഥന്മാരുടെ പേർ	ഒപ്പ്
൧	പാണൻപറമ്പ് എസ്റ്റേറ്റ്	പല്ല്യാട്ട തുകലൻ കോര വറുഗീസ്സ്	ഒറ്റി
൨	പോണാങ്കഴി എസ്റ്റേറ്റ്, പങ്ങാരപ്പിള്ളി	മൂലേത്തടത്തിൽ പൊന്നാങ്കഴി തരിയത്തു മത്തായി	ടി
൩	എം. സി. എം. എസ്റ്റേറ്റ്, പങ്ങാരപ്പിള്ളി	മൂലെത്തടത്തിൽ കണ്ണമ്പാവിൽ ചാക്കൊ മത്തു	ടി
൪	സെൻറ് ജോർജ്ജ് എസ്റ്റേറ്റ്, പങ്ങാരപ്പിള്ളി	കുടെക്കൽ ചാക്കൊ പത്രോസ്സ്	ടി
൫	കെടങ്ങാട്ടുതടം എസ്റ്റേറ്റ്	മണിയങ്കോട്ടുതൊപ്പിൽ ഉലഹന്നൻ കുര	ടി
൬	കണയന്നൂർ എസ്റ്റേറ്റ്	എം. ഐ. വക്കി	ടി
൭	തണങ്ങാട്ടിൽ എസ്റ്റേറ്റ്	പള്ളത്തിട്ടയിൽ പൌലൊപുരവത്തു, മുളന്തുരുത്തി	ടി
൮	മത്തോമ്മാൻ എസ്റ്റേറ്റ്	ചാത്തൻ ചിറപ്പാട്ട തൊമ്മൻ തൊമ്മൻ	ടി
൯	സെൻറ പോൾസ്സ എസ്റ്റേറ്റ്	പാല്യഴന്നത്ത പുത്തൻപുരയിൽ മാത്തു പൌലോസ്സ്	ടി
൧൦	സെൻറ മേരീസ്സ എസ്റ്റേറ്റ്	കെ. പി. കുഞ്ഞൻ	ടി
൧൧	ടൈഗർഹെൻ എസ്റ്റേറ്റ്	കല്ലറക്കൽ പൊറിയൻ ജാണ്	ടി
൧൨	പാറക്കൽ എസ്റ്റേറ്റ്	ചാലപ്രം ഉതുപ്പണ്ണി വക്കി	ടി
൧൩	പാടത്തേടത്ത എസ്റ്റേറ്റ്	പള്ളത്തട്ട വക്കി വക്കി	ടി
൧൪	തച്ചംകുഴി എസ്റ്റേറ്റ്	മ്യാലിൽ ചിരുകണ്ടൻ ചങ്ങ	ടി
൧൫	തത്തങ്കിരി എസ്റ്റേറ്റ്	കല്ലറക്കൽ വക്കി കുറിയ	ടി
൧൬	ചെട്ടികുന്നേൽ എസ്റ്റേറ്റ്	കളപ്പുരക്കൽതച്ചംകുഴിയിൽ ഉതുപ്പണ്ണി മക്കോസ്സ	ടി
൧൭	കണ്ണംപട എസ്റ്റേറ്റ്	എം. സി. പൈലി	ടി
൧൮	മലപ്പുറമ്പു എസ്റ്റേറ്റ്	കെ. വി. മത്തായി	ടി

LIBRARY ARCHIVES Kerala Legislative Assembly